**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** | **27-02-2023 - ൽ മറുപടിയ്ക്ക്**

**തനത് നികുതി പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തനത് നികുതി ഇനത്തിൽ മാത്രം എഴുപതിനായിരം കോടി രൂപയോളം പിരിച്ചെടുക്കാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തനത് നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശിക സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്</u><br><br>കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചരക്കു സേവന വികുതി വകുപ്പിൽ നികുതി  ഇനത്തിൽ മാത്രം എഴുപതിനായിരം കോടി രൂപ പിരിച്ചെടുക്കാനുള്ളതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>2016-17 മുതൽ 2022-23 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റ്/ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാൻ ഉദ്ദേശ്ശിച്ച തുകയുടെയും 2016-17 മുതൽ 31 ഡിസംബർ 2022 വരെ പിരിച്ചെടുത്ത തുകയുടെയും വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.<br><br>വിൽപന നികുതി, എ.ഐ.ടി, മൂല്യവർദ്ധിത നികുതി മുതലായ പ്രീ.ജി.എസ്.ടി കുടിശ്ശിക ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 30.11.2022 വരെ ഇനി പിരിച്ചെടുക്കാനുള്ളത് 12,923/- കോടി രൂപയാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ ഭൂരിഭാഗവും വിവിധ കോടതികേസുകളിൽ കുരുങ്ങിക്കിടക്കുന്നതും റവന്യു റിക്കവറി ഘട്ടത്തിലുമാണ്.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br><br>മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായിട്ടുള്ളത് ഏകദേശം 1000 കോടി രൂപയാണ്. ഇതിൽ |

KSRTC യുടെ കുടിശ്ശികയായ 1844.72 കോടി രൂപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശികയാണ് ഇത്. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിൽ ഓടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതി പോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ല, അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്തുവാൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങിവരികയാണ്. ബുക്ക് അരിയേഴ്സ് ആയി കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശിക ഉള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ലാൻഡ് റവന്യൂ കമ്മീഷണർ</u>

ഭൂനികുതി, കെട്ടിട നികുതി, ആഡംബര നികുതി, തോട്ടനികുതി, ജലസേചനകരം എന്നിവയാണ് റവന്യൂ വകുപ്പിൽ നിന്നും പിരിച്ചെടുക്കുന്ന നികുതികൾ. ഈ ഇനത്തിൽ നാളിതുവരെ പിരിച്ചെടുത്ത തുക വർഷം തിരിച്ച് അനുബന്ധം-II ആയി ചേർക്കുന്നു.

<u>തദ്ദേശ സ്വയംഭരണ വകുപ്പ്</u>

<u>റൂറൽ</u>

ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 11,246.42 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായിരുന്നു.

<u>അർബൻ</u>

കേരളത്തിലെ നഗരസഭകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലായി 681 കോടി രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയം തന്നെ ആവശ്യമായ

| | | | |
|---|---|---|---|
| | | | സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ ആധാര രജിസ്ട്രേഷൻ മൂലം നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. ടി ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആകെ 2,75,417/- (രണ്ടു ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ്റി പതിനേഴ്) അണ്ടർ വാല്യുവേഷൻ കേസുകളിലായി 622,82,44,557/- രൂപ (അറുനൂറ്റി ഇരുപത്തിരണ്ട് കോടി എൺപത്തി രണ്ടു ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി അൻപത്തിയേഴ് രൂപ മാത്രം) പിരിഞ്ഞുകിട്ടാനുണ്ട്. |
| (ബി) | പ്രസ്തുത തുക പിരിച്ചെടുക്കാൻ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u><br><br>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി എസ് ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br><br>നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി |

കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>ലാൻഡ് റവന്യൂ കമ്മീഷണർ</u>

ഓരോ വർഷവും കുടിശ്ശിക വരുന്ന തുക തൊട്ടടുത്ത വർഷം മുതലിൽ ചേർത്ത് പലിശ ഉൾപ്പെടെ പിരിവ് വരുത്തുന്നുണ്ട്. ഓരോ വർഷവും (കോവിഡ് വ്യാപനം ഉണ്ടായിരുന്ന വർഷം ഒഴികെ) സാമ്പത്തിക വർഷത്തിന്റെ പകുതിയോടുകൂടി സ്പെഷ്യൽ ഡ്രൈവ് നടത്തിയും, കോടതിയുമായി ബന്ധപ്പെട്ട് സ്റ്റേയില്ലുള്ള കേസുകളിൽ പരമാവധി കേസുകൾ തീർപ്പാക്കി, പിരിവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>തദ്ദേശ സ്വയംഭരണ വകുപ്പ്</u>

<u>റൂറൽ</u>

നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ട്. ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പിഴപലിശ ഒഴിവാക്കി നൽകി. വാർഡ് തലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. നികുതി കുടിശ്ശിക ഉള്ളവർക്ക് അലർട്ട് മെസേജുകൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. കുടിശ്ശികയുള്ള എല്ലാ നികുതിദായകർക്കും മെസേജ് അയച്ചിട്ടുണ്ട്.

<u>അർബൻ</u>

കേരളത്തിലെ നഗരസഭകളിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നീ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ നഗരസഭകളിലെ വാർഡുകൾ

| | | | |
|---|---|---|---|
| | | | തോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾ വഴി വ്യാപക പ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗര സഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ പുരോഗതി മേഖലാ ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക ആയിട്ടുള്ള വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലേയ്ക്കായി നികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്.<br><br><u>രജിസ്ട്രേഷൻ വകുപ്പ്</u><br><br>ആധാരങ്ങളുടെ അണ്ടർ വാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കാനായി ഒരു കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി തുകകൾ പിരിച്ചെടുക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിംഗ് പദ്ധതിയുടെ പരമാവധി പ്രചരണം നടത്തുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ്/പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി) | നികുതി (ജി.എസ്.ടി + നോൺ ജി.എസ്.ടി) (കോടി) | കൈവരിച്ച % |
|---|---|---|---|
| 2016-17 | 35169.27 | 33457.86 | 95.13% |
| 2017-18 | 42193.7 | 36131.88 | 85.63% |
| 2018-19 | 41907.97 | 40545.3 | 96.75% |
| 2019-20 | 44838.67 | 39684.9 | 88.50% |
| 2020-21 | 35998.46 | 37387.47 | 104% |
| 2021-22 | 47314.56 | 46454.69 | 98.1% |
| 2022-23 | 55757 | 39960.77* | 71.67 |

( *31 ഡിസംബർ 2022)

സെക്ഷൻ ഓഫീസർ

# അനുബന്ധം -II

| | | Total Demand (lakhs) | Total Stay (lakhs) | Collectable Demand (lakhs) | Total collection (lakhs) | Collectable Balance (lakhs) |
|---|---|---|---|---|---|---|
| 2016-2017 | BASIC TAX | 6573.29 | 232.1 | 5854.87 | 6455.1 | -600.23 |
| | BUILDING TAX | 19240.88 | 2523.76 | 16426.35 | 16051.43 | 374.92 |
| | LUXURY TAX | 2906.49 | 190.21 | 2605.37 | 2500.13 | 105.24 |
| | PLANTATION TAX | 571.6 | 299.05 | 210.17 | 187 | 23.17 |
| | IRRIGATION CESS | 122.81 | 0.98 | 112.74 | 95.9 | 16.85 |
| 2017-2018 | BASIC TAX | 6320.86 | 333.95 | 5851.75 | 6545.64 | -693.9 |
| | BUILDING TAX | 23799.1 | 2772.02 | 20548.92 | 19978.17 | 570.75 |
| | LUXURY TAX | 3267.25 | 192.99 | 3057.97 | 2927.12 | 130.84 |
| | PLANTATION TAX | 515.56 | 285.27 | 224.5 | 192.63 | 31.86 |
| | IRRIGATION CESS | 108.19 | 0.99 | 107.07 | 92.04 | 15.03 |
| 2018-2019 | BASIC TAX | 12467.5 | 365.35 | 11142.34 | 11800.27 | -657.93 |
| | BUILDING TAX | 24057.4 | 4072.06 | 19764.83 | 18956.83 | 807.99 |
| | LUXURY TAX | 3412.16 | 228.51 | 3146.89 | 2857.73 | 289.16 |
| | PLANTATION TAX | 529.04 | 272.21 | 253.82 | 70.92 | 182.9 |
| | IRRIGATION CESS | 109.23 | 0.99 | 107.68 | 86.24 | 21.44 |
| 2019-2020 | BASIC TAX | 12322.99 | 357.55 | 11787.91 | 12037.14 | -249.23 |
| | BUILDING TAX | 27225.89 | 4711.26 | 21066.42 | 19126.84 | 1939.59 |
| | LUXURY TAX | 4149.73 | 217.7 | 3841.74 | 2952.63 | 889.11 |
| | PLANTATION TAX | 704.41 | 407 | 223.02 | 38.31 | 184.71 |
| | IRRIGATION CESS | 207.67 | 0.03 | 113.12 | 78.06 | 35.06 |
| 2020-2021 | BASIC TAX | 12964.57 | 361.69 | 12399.79 | 12260.52 | 139.28 |
| | BUILDING TAX | 22894.07 | 5497.68 | 16269.08 | 13584.99 | 2684.09 |
| | LUXURY TAX | 5726.33 | 207.4 | 5466.58 | 4175.2 | 1291.38 |
| | PLANTATION TAX | 775.718 | 419.34 | 344.08 | 44.02 | 300.06 |
| | IRRIGATION CESS | 123.51 | 0.03 | 122.97 | 76.68 | 46.29 |
| 2021-2022 | BASIC TAX | 13799.91 | 405.51 | 13255.78 | 13298.68 | -42.9 |
| | BUILDING TAX | 26512.41 | 5654.02 | 18907.6 | 16328.15 | 2579.46 |
| | LUXURY TAX | 7370.42 | 234.75 | 6639.29 | 5523.06 | 1116.23 |
| | PLANTATION TAX | 840.51 | 603.78712 | 211.58926 | 48.70819 | 162.88107 |
| | IRRIGATION CESS | 136.61 | 0.22 | 136.28 | 70.2 | 66.07 |
| Upto 2022 December | BASIC TAX | 22301.73 | 364.46 | 20842.8 | 18290.03 | 2552.77 |
| | BUILDING TAX | 23956.9 | 5760.51 | 17474.06 | 14809.46 | 2664.6 |
| | LUXURY TAX | 6095.86 | 216.87 | 5704.57 | 1741.26 | 3963.31 |
| | PLANTATION TAX | 701.81 | 361.21 | 296.27 | 14.66 | 281.62 |
| | IRRIGATION CESS | 141.84 | - | 141.84 | 57.27 | 84.57 |

സെക്ഷൻ ഓഫീസർ